ശ്രീ. പി. പി. ഉമ്മർകോയ : ഏതാനും ചിലരുടെ നിവേദനത്തിന്റെ ഫലമായി പണി നിറുത്തിവച്ചിട്ടില്ല. കേന്ദ്രഗവണ്മെന്റിന്റെ ഉപദേശമനുസരിച്ചാണ് നിറുത്തിവച്ചിട്ടുള്ളത്. ഇതിന്റെ പണി തുടർന്നു നടത്തണമെന്നും നടത്താതിരിക്കണമെന്നും കാണിച്ച് രണ്ടുവിധത്തിലും നിവേദനം ലഭിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഈ തോട് ഇനി നികത്തിക്കളയുവാനാണോ അതോ പൂത്തിയാക്കുവാനാണോ ചെലവ് കൂടുതൽ എന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : നികത്താൻ ഗവണ്മെന്റിനു് ഉദ്ദേശമില്ല. തുടർന്നു പണി നടത്തണമോ വേണ്ടയോ എന്നുള്ളകാര്യം പരിശോധിക്കേണ്ടതാണ്.

നേഴ്സ്, മിഡ്വൈഫ് എന്നിവരുടെ കുറവുകൾ പരിഹരിക്കാനുള്ള നടപടികൾ.

* 689. [14] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഇപ്പോഴുള്ള നേഴ്സുമാർ, മിഡ്വൈഫുകൾ എന്നിവരുടെ കുറവു പരിഹരിക്കാൻ നല്ല രീതിയിൽ നടത്തുന്ന പ്രൈവറ്റു് ആശുപത്രികളോടനുബന്ധിച്ചു ഗവണ്മെന്റു് സിലബസ് അനുസരിച്ചു് ക്ലാസ് നടത്തി നേഴ്സുമാരെയും മിഡ്വൈഫുമാരെയും പരിശീലിപ്പിക്കുന്നതിനു അനുവാദം കൊടുക്കാൻ ഗവണ്മെന്റു വേണ്ടതു ചെയ്യുമോ ;

(ബി) ഇപ്പോൾ നേഴ്സിംഗ് ആൻറു് മിഡ്വൈഫറി പഠിപ്പിക്കുന്നവല്ല പ്രൈവറ്റാശുപത്രികളും സംസ്ഥാനത്തുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) അങ്ങനെയുള്ള സ്ഥാപനങ്ങൾക്കു് ഗവണ്മെന്റു് അനുവാദം കൊടുത്തിട്ടുണ്ടു്.

(ബി) ഉണ്ടു്.

ശ്രീ. എം. എം. മത്തായി : ഏതെങ്കിലും സ്ഥാപനങ്ങൾക്കു് അപേക്ഷിച്ചിട്ടു് അനുവാദം കിട്ടാതെയുണ്ടോ ? ഏതു രീതിയിൽ നടത്തുന്ന സ്ഥാപനങ്ങൾക്കാണു് അനുവാദം കൊടുക്കുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഭംഗിയായി നടത്തിക്കൊണ്ടിരിക്കുന്ന ആശുപത്രികളോടനുബന്ധിച്ചു് ഇതിന്റെ അദ്ധ്യയനത്തിനാവശ്യമായ സൗകര്യങ്ങളും, Bed Strength-ും ഉണ്ടെങ്കിൽ അനുവാദം കൊടുക്കുന്നതാണു്. ഇപ്പോൾ ഏതെങ്കിലും അപേക്ഷ പെൻഡിംഗ് ഉണ്ടോ എന്നുള്ള കാര്യം പ്രത്യേകമായി ചോദിച്ചാലെ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. എ. ആൻറണി : പ്രൈവറ്റു് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന നേഴ്സുമാർക്കും മിഡ്വൈഫുകൾക്കും ഏജ്ബാർ എക്സംപ്ഷൻ കൊടുത്തു് അവരെ ഗവണ്മെന്റു് സർവ്വീസിൽ എടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെന്റു് സർവ്വീസിൽ ഇന്നു വളരെയേറെ ഒഴിവുകളുണ്ടു്. പക്ഷേ ഇതു പി. എസ്. സി. യുമായി ആലോചിച്ചു് ചെയ്യേണ്ട ഒരു കാര്യമാണു്. അപേക്ഷ വരികയാണെങ്കിൽ പ്രത്യേകമായി പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പരമ്പരാഗതമായി മെറേൺ ണിറ്റി പ്രവത്തിയിൽ ഏർപ്പെട്ടിട്ടുള്ള ചില സമുദായങ്ങളം കേരളത്തിലുണ്ട്. പ്രത്യേകിച്ചും മലബാറിലെ വള്ളുവർ തുടങ്ങിയ സമുദായത്തിലെ സ്ത്രീകളം പരമ്പരാഗതമായി ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ്. അവക്ക് പ്രത്യേക പരിശീലനം കൊടുത്തു മിഡ്വൈഫ്കളായി നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ? പ്രത്യേകിച്ചും ഇന്നുള്ള മിഡ്വൈഫ്കളുടെ എണ്ണത്തിന്റെ കുറവു നികത്തുന്നതിനുവേണ്ടി യെവായി ഈ കാര്യം പരിഗണിക്കുമോ ?

ശ്രീ. എം., പി ഗോവിന്ദൻ നായർ : ഇതിന്റെ ടെയിനിംഗിനു ആളുകളെ തിരഞ്ഞെടുക്കുന്നതു പി. എസ്. സി. യാണു. മിഡ്വൈഫറി ടെയിനിംഗിനുവേണ്ടി ഒരു മിനിമം സ്റ്റാൻഡേർഡു വച്ചിട്ടുണ്ട്. ആ സ്റ്റാൻഡേർഡുള്ളവരെ മാത്രമേ തിരഞ്ഞെടുക്കുകയുള്ള. ഈ പറഞ്ഞ പ്രത്യേക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അവക്കു പരിഗണന ലഭിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : മെറേൺണിറ്റി അസിസ്റ്റൻറിനു ടെയിനിംഗ് കൊടുക്കുന്നതിനു പല സ്ഥലത്തും ഇന്നു സ്ഥാപനങ്ങൾ കാണുന്നുണ്ട്. ആശുപത്രി സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളുമുണ്ട്. ഉദാഹരണമായി ഷൊർണ്ണൂറിൽ ഇതുപോലെയൊരു സ്കൂൾ നടത്തുന്നുണ്ടെന്നു അറിയുന്നു. അവിടെ നിന്നും ആളുകൾ പാസ്സായി പുറത്തുവരുന്നുണ്ടെന്നും കേൾക്കുന്നു. ഇത്തരം ആൾക്കാക്കു രജിസ്ട്രേഷൻ കൊടുക്കുന്നുണ്ടോ? ഇത്തരം ഇൻസ്റ്റിറ്റ്യൂഷൻ റക്ഗ്നൈസ്ഡു ആണോ? ആണെങ്കിൽ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണു ഇത്തരം സ്ഥാപനങ്ങൾക്കു റെക്കഗ്നിഷൻ കൊടുക്കുന്നതു ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോൾ റെക്കഗ്നൈസ്ഡു ടെയിനിംഗ് സ്ഥാപനങ്ങളുടെ ഒരു ലിസ്റ്റു എന്റെ കൈവശമുണ്ട്. അതിന്റെയകത്തു ഷൊർണ്ണൂറിൽ ഇങ്ങനെയൊരു സ്ഥാപനമുള്ളതായി കാണുന്നില്ല.

Mr Speaker : Question No 15 need not be answered. An identical question has already been answered.

മെഡിക്കൽ കാളേജുകൾ.

* 690. [16] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ മെഡിക്കൽ കാളേജുകളിൽ വർഷംതോറും പ്രവേശിപ്പിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണമെത്ര ;

(ബി) ഓരോ വർഷവും ഈ വിദ്യാർത്ഥികൾ കൊടുക്കേണ്ടുന്ന ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസുമെത്ര ;

(സി) ഗവണ്മെൻറു കാളേജുകളിൽ വസൂലാക്കുന്നതിൽനിന്നു വ്യത്യസ്തമായി ആലപ്പുഴ മെഡിക്കൽ കാളേജിൽ ഫീസു വസൂലാക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആലപ്പുഴയിൽ വർഷം പ്രതി വസൂലാക്കുന്നതിന്റെ തോതെത്ര ;

(ഈ) വ്യത്യസ്തതോതിൽ ഫീസു വസൂലാക്കുന്നതിനെ സംബന്ധിച്ചു അവിടത്തെ വിദ്യാർത്ഥികൾ എടുത്തുവരുന്ന നടപടികളെ ഏതു വിധത്തിൽ നേരിടാനാണു ഗവണ്മെൻറു ഉദ്ദേശിച്ചിട്ടുള്ളതു ?

LIBRARY ARCHIVES Kerala Legislative Assembly